LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1979-ലെ അന്യസംസ്ഥാന തൊഴിലാളി നിയമ പ്രകാരം അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള താമസ സൗകര്യം തൊഴിലുടമ/കോൺട്രാക്ടർ നിർബന്ധമായും ഒരുക്കേണ്ടതാണ് എന്നും ആയതിൽ കൃത്യമായ നിബന്ധനകൾ പാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ടെന്റ് കെട്ടിയും മറ്റും അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നതിന് തൊഴിൽ വകുപ്പിന്റെ അനുമതി ആവശ്യമില്ല എങ്കിലും ഇത്തരം പ്രവണത സ്ഥാപന പരിശോധനയിലോ പരാതി മുഖേനയോ ശ്രദ്ധയിൽപ്പെടുന്നപക്ഷം മേൽനിയമപ്രകാരം തൊഴിലുടമ കരാറുകാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ നിയമലംഘനങ്ങൾ പരിഹരിക്കപ്പെട്ടതായി തുടർ പരിശോധന നടത്തി ഉറപ്പ് വരുത്തുന്നുമുണ്ട്.

സെക്യൂരിറ്റി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

174 (2383) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എത്ര സെക്യൂരിറ്റി നിയമന ഏജൻസികളുണ്ടെന്നും പ്രസ്തുത ഏജൻസികൾക്കു കീഴിൽ ജോലി ചെയ്യുന്ന എത്ര സെക്യൂരിറ്റി ജീവനക്കാരുണ്ടെന്നും ഏജൻസി, ജില്ല തിരിച്ച കണക്കുകൾ നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ സെക്യൂരിറ്റി മേഖലയിലെ ജീവനക്കാർക്ക് സർക്കാരിന്റെ 24-7-2010-ലെ സ.ഉ (എം എസ്.) നമ്പർ 80/2010/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് നിലവിൽ ക്ഷേമനിധി അംഗത്വവും ആനുകൂല്യങ്ങളും കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നൽകുന്നു.

(ബി) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിൽ 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സെക്യൂരിറ്റി ഏജൻസികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	സെക്യൂരിറ്റി ഏജൻസികളുടെ എണ്ണം	സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണം
തിരുവനന്തപുരം	46	5, 025
കൊല്ലം	19	854
ആലപ്പുഴ	31	582
പത്തനംതിട്ട	22	574
കോട്ടയം	6	372
എറണാകുളം	103	5, 262
തൃശ്ശൂർ	15	194
ഇടുക്കി	12	192
പാലക്കാട്	32	524
മലപ്പുറം	14	429
വയനാട്	6	422
കണ്ണൂർ	19	357
കാസർഗോഡ്	10	83
കോഴിക്കോട്	38	1, 682
ആകെ	373	16, 552

ചാത്തന്നൂരിലെ കൺസൂക്ഷൻ അക്കാഡമി

175 (2384) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സംസ്ഥാന കൺസൂക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിലേക്കായി എത്ര ഏക്കർ ഭൂമിയാണ് വിലയ്ക്ക് വാങ്ങിയെതെന്നും എത്ര രൂപയ്ക്കാണെന്നും അറിയിക്കുമോ ;

(ബി) കഴിഞ്ഞ സർക്കാർ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിലേക്കായി എന്തൊക്കെ പ്രാഥമിക നടപടികളാണ് ആരംഭിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly